കേരള സർക്കാർ

നം. 5/ഡി.എ.1/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 10/02/2017

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണം), തിരുവനന്തപുരം.

സർ,

വിഷയം:-തദ്ദേശസ്വയംഭരണ വകുപ്പ്-.വയറിംഗ് കേബിളുകൾ വാങ്ങുന്നത്-സംബന്ധിച്ച്

സൂചന:- 1. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 23/1/2017ലെ MD/1/20/179, 6/2/2017ലെ MD/01/33/2017 നമ്പർ കത്തുകൾ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/02/2017-ലെ 3.54-ാം നമ്പർ തീരുമാനം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം ലഭ്യമായ അപേക്ഷ 01-02-2017-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. സർക്കാർ സ്ഥാപനമായതിനാലും കമ്പനിതന്നെ ഉത്പാദിപ്പിക്കുന്നവയായതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വയറിംഗ് കേബിളുകൾ വാങ്ങുമ്പോൾ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്-ന് മുൻഗണന നല്കേണ്ടതാണ് എന്ന് കർശനമായി നിർദ്ദേശിക്കുന്നു. സൂചന (2) ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
**എ.കെ.മോഹനകുമാർ**
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

**Endt.No.DB1/1559/10/CE/LSGD,DATED 23 /02/2017**

Copy of the letter is published in the website for the information and further necessary action of all Engineering Head of Local Self Government Institutions

**CHIEF ENGINEER**

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01-02-2017 ലെ നടപടിക്കുറിപ്പ്

3.54 ട്രാക്കോ കേബിൾ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 23.01.2017-ലെ MD/1/20/17-[illegible] നമ്പർ കത്ത്

ടെണ്ടർ നടപടികൾ കൂടാതെ ട്രാക്കോ കേബിൾ കമ്പനിയുടെ ഉല്പന്നങ്ങൾ വാങ്ങാൻ സർക്കാരിന്റെ 19.02.2016-ലെ 9/2016/SPD ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്ക് ഈ കമ്പനിയുടെ ഉല്പന്നങ്ങൾ ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*-** *സർക്കാർ സ്ഥാപനമായതിനാലും കമ്പനിതന്നെ ഉല്പാദിപ്പിക്കുന്നവയായതിനാലും , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വയറിംഗ് കേബിളുകൾ വാങ്ങുമ്പോൾ പ്രസ്തുത കമ്പനിക്ക് മുൻഗണന നല്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്)

3.55 28.01.2016 -ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടായ ലക്ഷം വീടുകൾ ഒറ്റവീടാക്കാനുള്ള പ്രോജക്ട് അടിയന്തിരമായി വെറ്റ ചെയ്യാൻ നടപടി സ്വീകരിക്കാൻ റൂറൽ ഡെവലപ്മെന്റ് കമ്മീഷണറോട് നിർദ്ദേശിച്ചു.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.56 കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്.
വടകരട്രീറ്റ്മെന്റ് പ്ലാന്റ് കുത്താളി ജൈവവള മാലിന്യ സംസ്കരണ യൂണിറ്റ് - സാങ്കേതിക അനുമതി നൽകുന്നതിന് എൻ.ഐറ്റി, കോഴിക്കോടിലെ വിദഗ്ദരെ ഏല്പിക്കുന്നതു സംബന്ധിച്ച്.

**തീരുമാനം** - കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിൽ ആവശ്യപ്പെട്ട പ്രകാരം വടകര ജില്ലാ ആശുപത്രി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, കുത്താളി ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് എന്നിവയുടെ സാങ്കേതിക അനുമതി നൽകുന്നതിനായി കോഴിക്കോട് എൻ.ഐ.റ്റി യിലെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് / ഡിപ്പാർട്ടുമെന്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ അനുമതി നൽകുന്നു.

പൊതുതീരുമാനം 02.18.01. ഉം ബാധകമായിരിക്കും.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 15.02.2017 ന്ന കൂടുവാൻ തീരുമാനിച്ചു.

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അവസാനിച്ചു